സ്കൂൾ യുവജനോത്സവങ്ങളിൽ ജഡ്ജിമാർ നൽകുന്ന മാർക്കുകളിലുള്ള അന്തരം പരിഹരിക്കാൻ മാർഗ്ഗങ്ങൾ

40 [1441] ശ്രീമതി മേഴ്സി രവി:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഡി. സുഗതൻ :
,, വർക്കല കഹാർ :
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യുവജനോത്സവങ്ങളിൽ മൽസരിക്കുന്നവർക്ക് ജഡ്ജിമാർ നൽകുന്ന മാർക്കിൽ വലിയ അന്തരം ഉണ്ടാകുന്ന സംഭവം ഉണ്ടാകാറുണ്ടോ;

(ബി) ഇപ്രകാരം സംഭവിക്കുന്നത് ക്രമരഹിതമാണെന്ന ആരോപണം ഉണ്ടാകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) യുവജനോത്സവത്തിലെ വിധി നിർണ്ണയത്തിൽ ചുരുക്കം ചില സന്ദർഭങ്ങളിൽ മാർക്കിൽ അന്തരം ഉണ്ടാകാറുണ്ട്.

(ബി) ചില സന്ദർഭങ്ങളിൽ കുട്ടികളോ ടീം മാനേജരന്മാരോ പരാതികൾ നൽകാറുണ്ട്. ഇപ്രകാരമുള്ള പരാതികളിൽ യുവജനോത്സവ മാനുവലിൽ പറയുന്ന അപ്പീൽ കമ്മറ്റി ഉചിതമായ തീരുമാനമെടുക്കാറുണ്ട്.

(സി) വിധിനിർണ്ണയത്തിൽ ജഡ്ജിമാർ നൽകുന്ന മാർക്കിൽ കൂടുതൽ അന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ ആ ജഡ്ജിയുടെ മാർക്ക് ഒഴിവാക്കി മറ്റു ജഡ്ജിമാരുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് അപ്പീലിൻമേൽ വിധിനിർണ്ണയം നടത്തുന്നത്. കൂടാതെ അന്തരം ജഡ്ജിമാരെ തുടർന്നുള്ള മത്സര ഇനങ്ങളിൽ വിധികർത്താക്കളാക്കുന്നതിൽ നിന്ന് ഒഴിവാക്കാറുണ്ട്.

സർവ്വകലാശാല യുവജനോത്സവം നടക്കാത്തതിനാൽ വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിലുള്ള കുറവ് പരിഹരിക്കാൻ നടപടി

41 [1442] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കലാലയ വർഷം സർവ്വകലാശാലാ യുവജനോത്സവം, കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ നടന്നിട്ടില്ല. എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യുവജനോത്സവം നടക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly